# കേരള സർവകലാശാല

നം. പി.ആർ.082/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ ഓണേഴ്സ് ഫലം

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷകൾ മാറ്റി

കേരള സർവകലാശാല മേയ് 24, 27 തീയതികളിൽ നടത്താനിരുന്ന രണ്ടാം വർഷ ബി.എ (ആന്വൽ സ്കീം - പാർട്ട് മൂന്ന്, സബ്സിഡിയറി) പരീക്ഷകൾ യഥാക്രമം മേയ് 30, 31 തീയതികളിലേക്ക് മാറ്റി.

മേയ് 24-ന് നിശ്ചയിച്ചിരുന്ന രണ്ടാം വർഷ ബി.കോം പരീക്ഷ മേയ് 31-ലേക്ക് മാറ്റി. മേയ് 27-ന് നടത്താനിരുന്ന ഒന്നാം വർഷ ബി.കോം പരീക്ഷ ജൂൺ രണ്ടിന് നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## എം.എസ്സി അറ്റൻഡൻസ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (2014-16 ബാച്ച്) അറ്റൻഡൻസ് പ്രസിദ്ധീകരിച്ചു. പരാതികൾ മേയ് 31-നകം കോ-ഓർഡിനേറ്ററെ നേരിട്ടോ ഇ-മെയിൽ (sdecsdept@gmail.com) വഴിയോ അറിയിക്കണം.

## എം.എ.എസ്.എൽ.പി തീസിസ് സമർപ്പിക്കണം

കേരള സർവകലാശാല ജൂണിൽ നടത്തുന്ന അവസാന സെമസ്റ്റർ എം.എ.എസ്.എൽ.പി പരീക്ഷയുടെ തീസിസ് മേയ് 28-നകം സർവകലാശാല ഓഫീസിൽ സമർപ്പിക്കണം.

## ബി.എഡ്, എം.എഡ് പ്രവേശനം (2016-18)

കേരള സർവകലാശാല 2016-18 അധ്യയനവർഷത്തേക്കുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേക്കും കേരള സർവകലാശാല കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുളിലേക്കും ബി.എഡ് പ്രവേശനത്തിനും, 2016-18 അധ്യയനവർഷത്തേക്കുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേക്കുള്ള എം.എഡ് പ്രവേശനത്തിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫാറം മേയ് 23 മുതൽ അതത് കോളേജുകളിൽ നിന്നും ലഭിക്കും. കോളേജുകളിൽ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ

ആര്‍. നോട്ടിഫിക്കേഷനും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

**സര്‍വകലാശാല മന്ദിരം,**
തിരുവനന്തപുരം.
21.05.2016

പബ്ലിക് റിലേഷന്‍സ് ഓഫീസര്‍

അംഗീകാരത്തോടെ,

സെക്ഷന്‍ ഓഫീസര്‍

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**